A Publication from St. Jude Church, Udayanagar
Vol 7 | Issue 01 | JUNE-JULY 2023

# Udayajyothi

ഉദയജ്യോതി

For Private Circulation Only



HAPPY
INDEPENDENCE DAY

# AMMACHI'S HOB



- Pork Pepper Jeera
- Pork Vindaloo
- Pork Ribs
- Pork Sausages
- Mutton Curries and Fries
- Chicken Curries and Fries

Authentic South Indian Style & Home Cooked

For Day's Special, Menu & Ordering, Contact

9342228775
8073299633

ALSO AVAILABLE ON SWIGGY & ZOMATO



# ST. JUDE PUBLIC SCHOOL

(Managed by St. Jude Church)

A. Narayanapura Main Road, Bangalore - 560 016.

Website : www.stjudeschool.in Email : stjudepublicschool@gmail.com





We Provide :

- ★ Smart Classrooms
- ★ Audio Visual Lab
- ★ Science Lab
- ★ Library
- ★ Pre Nursery
- ★ Day Care
- ★ CCTV Surveillance
- ★ Playground
- ★ Sports, Yoga
- ★ Karate Training
- ★ Transport Facility
- ★ Creative Educational Materials
- ★ Qualified & Trained Teachers




for details call 96634 40006

ഇടയസന്ദേശം



# ദൈവകൃപയിൽ ആശ്രയം


Fr. Jomy Mekkunnel
St. Jude Church Udayanagar


ഭാരതത്തിന്റെ 77-ാമത് സ്വാതന്ത്ര്യദിനത്തിന്റെയും മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുന്നാളിന്റെയും മംഗളങ്ങൾ.

അഹിംസകൊണ്ട് സ്വാതന്ത്ര്യം നേടിയെടുത്ത ഭാരതത്തിൽ, ഹിംസയും അനീതിയും അരങ്ങേറുമ്പോൾ സ്വാതന്ത്ര്യത്തെ ക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകൾ മാറ്റി എഴുതേണ്ടിയിരി ക്കുന്നു. മനുഷ്യഹത്യ സാധാരണമാകുമ്പോൾ നീതി ന്യായ വ്യവസ്ഥയും സ്വാതന്ത്ര്യവും കേവലം ഭരണഘടനയിലെ ലിപി കൾ മാത്രമായി തീർന്നിരിക്കുന്നു.

തെറ്റായ ചരിത്രം അജ്ഞതയിലേക്ക് നയിക്കും എന്നതിന് യാ തൊരു സംശയവും ഇല്ല. ഇന്ന് നാം നമ്മുടെ സ്വാതന്ത്ര്യവും ആനു കൂല്യവും തിരിച്ചറിയേണ്ട സമയം സമാഗതമായിരിക്കുന്നു. നമ്മു ടെ ചരിത്രവും പാരമ്പര്യവും നമ്മുടെ തലമുറകൾ അറിഞ്ഞി ല്ലെങ്കിൽ നാളെ നമ്മുടെ മക്കൾ വാനര ചരിത്രം വിശ്വസിക്കു കയും നമ്മുടെ പൂർവ്വികരുടെ പ്രവർത്തികൾ അർത്ഥശൂന്യ വും അപ്രസക്തവുമായി വ്യാഖ്യാനിക്കുകയും ചെയ്തേക്കാം.

സ്വാതന്ത്ര്യം തേടി നമ്മുടെ കുടുംബങ്ങളുടെ പടിയിറങ്ങുന്ന പുതു തലമുറയിലെ അനുഭവങ്ങൾ കേൾക്കുമ്പോൾ പുതിയ നിയമത്തിലെ ധൂർത്ത പുത്രനെ ഓർമ്മിപ്പിക്കുമെങ്കിലും, യാഥാർത്ഥ്യം തിരിച്ചറിയണം. നമ്മുടെ കുടുംബങ്ങളിൽ തിരി ച്ചെത്തുന്നവർ വളരെ വിരളമാണ്. സമ്പന്നനായ് വീടുവിട്ടിറ ങ്ങിയ ധൂർത്തപുത്രൻ തിരിച്ചെത്തുന്നത് ഒന്നുമില്ലാത്തവനായി ട്ടാണ്. എന്നാൽ ആധുനിക ധൂർത്തമക്കൾ സമ്പത്തും കുടും ബമഹിമയും തകർക്കുകയും വേണ്ടതിലധികം പ്രാരാബ്ദങ്ങൾ തലച്ചുമടായി തിരിച്ചുവരികയുമാണ്. സ്വാതന്ത്ര്യം എന്നതിന്റെ അർത്ഥം മനസ്സിലാക്കുന്നതിലും തലമുറയിൽ മാറ്റങ്ങൾ വന്നി രിക്കുന്നു. ഉണർന്നിരുന്നു സ്വാതന്ത്ര്യം കാക്കേണ്ട സമയം സമാഗതമായിരിക്കുന്നു. നമുക്കു കൂട്ടായൊരു തിരിവെട്ടവു മായി പരിശുദ്ധ കന്യകാ മറിയം ഉണ്ടായിരിക്കും കാരണം അവൾ ഭാരതമക്കളുടെ സംരക്ഷകയാണ് എന്നും കൈതാങ്ങും ആശ്വാസവുമാണ്. വീഞ്ഞു തീർന്ന വിവാഹശാലയിൽ അത്ഭു തം പ്രവർത്തിക്കാൻ മകനു പ്രേരണ നൽകിയവൾ തീർച്ചയാ യും കർത്താവിന്റെ വലിയ വിരുന്നിൽ ഉണ്ടാകും. വീട്ടുടമ സ്ഥൻ അറിയില്ല എന്നു പറഞ്ഞാലും മറിയത്തോടു മാദ്ധ്യസ്ഥം ഉണ്ടെങ്കിൽ ആ വാതിൽ നമുക്കു വേണ്ടിയും തുറക്കും.

ഭാരതത്തിനെയും നമ്മുടെ കുടുംബത്തെയും മറിയത്തിന്റെ വിമല ഹൃദയത്തിൽ സമർപ്പിക്കാം. അത്ഭുതങ്ങൾ അവൾ പ്രവർ ത്തിക്കട്ടെ.



'സ്വാതന്ത്ര്യം തന്നെയമൃതം സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം'
**കുമാരനാശാൻ**

സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ.. ആത്മാഭിമാനം ഉയർ ത്തി പിടിക്കാൻ, ആരുടെ മുമ്പിലും തല കുനിക്കാത്ത കരുത്തിന്റെ ജനതയാകാം.

മണിപ്പൂരിൽ തല കുനിച്ച് നില്ക്കുന്ന ഇന്ത്യ..

സ്വാതന്ത്ര്യം എവിടെ, ജീവിതം എവിടെ, മനുഷ്യന്റെ അവ കാശങ്ങൾ എവിടെ. സ്വാതന്ത്ര്യ ദിനം ആഘോഷിക്കു മ്പോൾ പതാക ഉയർത്തി, മധുരം കഴിച്ച് പിരിയാനുള്ള തല്ല.. പ്രതികരണങ്ങൾ ,

പ്രതിഷേധങ്ങൾ ഉയരട്ടെ.. നമ്മൾ മൗനം പാലിച്ച് കൂടാ... നെഞ്ചുറപ്പോടെ ഞാൻ ഒരു ഭാരതീയനാണന്ന് പറയാൻ തിളക്കട്ടെ ചോര ഞരമ്പുകളിൽ.. പ്രാർത്ഥിക്കാം, പ്രതി ഷേധിക്കാം, പ്രതികരിക്കാം...

'The SILENCE of the good people is more DANGEROUS than the BRUTALITY of the bad people" Martin Luther King, Jr.

സ്നേഹത്തോടെ **സനീഷ് അച്ചൻ**



# Welcome Dear Brothers



Br. Arun
Vadassery CMI



Br. Ashik
Mattekkatt CMI



Br. Jithu
kadanthottu CMI



Br. Richu
Kunnel CMI


## Editorial Board

**Patron**
Fr. Jomy Mekkunnel CMI
91102 48065

**Editorial Advisor**
Fr. Saneesh Paathicken CMI - 90610 72159
Br. Jithu Kadanthottu CMI - 88482 28064

**Cheif Editor**
Mrs. Pincy Mejo

**Associate Editors**
Sr. Jitty Anna MSMI
Ms. Christina
Mrs. Chitra Thomas
Mrs. Juby Shibu
Ms. Anita Poly

**Advertisement Manager**
Mr. Manesh David K
98809 21826

**Circulation Manager**
Mr. Andrews PJ-9845642501

**Treasurer**
Mr. Johnson Elevathingal
96329 02134

**Parish Office**
9663442114



Design & Print:
Don Bosco IGACT, EKM, Ph: 0484 2806411
For Private Circulation Only


# Contents


ഇടയസന്ദേശം .......... 03
Editorial .......... 05
സൂര്യനെ അണിഞ്ഞ സ്ത്രീ .......... 06
ക്രിസ്തുവിന്റെ ഗന്ധമുള്ള രാഷ്ട്രീയക്കാരൻ .......... 08
Liturgical Calendar .......... 09
Mother Mary .......... 10
New Parish Trustees .......... 12
Bible Quiz .......... 14
Testimony .......... 15
Parish News .......... 16
Catechism News .......... 18
School News .......... 19
Youth News .......... 19
Teen Terrain .......... 23
Doctor's Advice .......... 24
മാതാവിന്റെ സ്വന്തം തോമാസേട്ടൻ .......... 26
The Prodigal Son .......... 27
Angel's Block .......... 28
My Skills .......... 32
Ephphatha .......... 33
World of Colours .......... 34



EDITORIAL

# സ്വാതന്ത്ര്യമേ നീ എവിടെ



ദൈവമക്കൾ ആണെന്നുള്ള സ്വാതന്ത്ര്യത്തിലേക്ക് ആണ് നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത്. ആ സ്വാതന്ത്ര്യമാണ് നമ്മുടെ പ്രത്യാശയും ആശ്വാസവും. ഇനി നിങ്ങൾ ദാസന്മാർ അല്ല ദൈവപുത്രന്മാരും അവിടുത്തെ കൂട്ടവകാശികളുമാണ്. ദൈവം മക്കൾ എന്ന നിലയിൽ ഇതിൽ കൂടുതൽ മറ്റെന്താണ് നമുക്ക് ലഭിക്കുവാൻ ഉള്ളത്. പാപത്തിന്റെയും അടിമത്തത്തിന്റെയും ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞു കൊണ്ടാണ് അവിടുന്ന് നമ്മെ തന്നെ സ്വതന്ത്രരാക്കിയത്. കൂട്ടിലടക്കപ്പെട്ട കിളിയുടെ ഏത് സ്വപ്നവും ബാക്കി സ്വപ്നവും അനന്തതകൾ ഇല്ലാത്ത ആ ആകാശം മാത്രമാണ് അതിർവരമ്പുകൾ ഇല്ലാത്ത സ്വാതന്ത്ര്യം മാത്രമാണ്. 77മത് സ്വാതന്ത്ര്യ ദിനത്തിനായി ഒരുങ്ങി കൊണ്ടിരിക്കുന്ന നാമെല്ലാവരും അളന്നു മുറിക്കപ്പെട്ട നമ്മുടെ സ്വാതന്ത്ര്യത്തെ ഒന്ന് വിശകലനം ചെയ്യേണ്ടിയിരിക്കുന്നു.

നാമെല്ലാവരും ശരിക്കും സ്വതന്ത്രരാണോ? സ്വാതന്ത്ര്യം സ്വാതന്ത്ര്യ ദിനത്തിൽ മാത്രം ഒതുങ്ങി കൂടുകയാണോ?

ഭരണഘടനാപരമായി ഒരു വ്യക്തിക്ക് നൽകപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും, ചൂഷണം ചെയ്യപ്പെടുന്ന ഒരു സാമൂഹിക പരിസ്ഥിതിയിലേക്ക് ഇന്ന് നമ്മുടെ രാജ്യം മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യ എന്റെ രാജ്യമാണ് എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദന്മാരാണ് എന്നൊക്കെ നാം ഏറ്റുപറയുമ്പോഴും എവിടെയൊക്കെയോ നമുക്ക് വാക്കുകൾ പിഴയ്ക്കുന്നു. വാക്കുകൾ വാക്കുകൾ മാത്രം ആയി നിലനിൽക്കുന്നു.

ഭാഷകൾക്ക് അതീതമായി വിശ്വാസങ്ങൾക്ക് ആചാരങ്ങൾക്കതീതമായി, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാൻ കഴിയാത്ത നമുക്ക് എങ്ങനെയാണ് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുക. അമ്മേ നീ എവിടെയോ അവിടെയാണ് വീട്. മറിയമേ ഞങ്ങളുടെ അമ്മേ നീ ഞങ്ങളെയും കൂടി നിന്റെ രാജ്യത്തേക്ക് കൊണ്ടുപോകാൻ നിന്റെ മകനോട് അപേക്ഷിക്കണമേ.

**BR. JITHU KADANTHOTTU CMI**



# സൂര്യനെ അണിഞ്ഞ സ്ത്രീ

## മാതാവിന്റെ സ്വർഗാരോപണ ചിന്തകൾ

ഫാ. ഷാജി സി എം ഐ

'ആനന്ദിച്ച ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനം ഫ്രാൻസിസ പാപ്പാ അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്. "ഈ വിചിന്തനങ്ങൾ പരിശുദ്ധ കന്യാമറിയത്താൽ കിരീടമണിയിക്കപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തെന്നാൽ മറ്റാരും ജീവിച്ചിട്ടില്ലാത്തതുപോലെ യേശുവിന്റെ സുവിശേഷ ഭാഗ്യങ്ങൾ ജീവിച്ചവളാണവൾ. പരിശുദ്ധ മറിയം വിശുദ്ധരിലെ വിശുദ്ധയാണ്. 'എന്റെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ' എന്ന സുവിശേഷ വചനങ്ങളുടെ സാധ്യത യാഥാർത്ഥ്യമാക്കിയ മനുഷ്യവ്യക്തിയാണ് പരിശുദ്ധമറിയം."

കാലം എങ്ങനെ മറിയത്തിന്റെ ജീവിതത്തിന് സമാപ്തി വരുത്തിയെന്ന് ചരിത്രങ്ങളൊന്നും പറയുന്നില്ല. എങ്കിലും, അവസാനനാളുകളിൽ യോഹന്നാനോടൊപ്പം എഫേസോസിൽ കഴിഞ്ഞിരുന്നു എന്ന് അനുമാനിക്കുന്നുണ്ട്. എന്നാൽ ഇതിന് ചരിത്രത്തിന്റേയോ, ബൈബിളിന്റേയോ, ഘനശാലികളായ വിശുദ്ധരുടെയോ പിന്തുണയില്ല. ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട് സ്വർഗാരോപണം നേടിയവൾ എന്ന സൂചന ബൈസന്റയിൻ പ്രാർത്ഥനകളിൽ കാണാം. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ഇവൾ മറ്റു ശിഷ്യന്മാരോടുകൂടി പ്രാർത്ഥനായോഗത്തിൽ പങ്കെടുത്തിരുന്നു. ക്രിസ്തുവിന്റെ അമ്മ എന്നതിനേക്കാൾ ക്രിസ്തു ശിഷ്യ എന്ന സ്ഥാനത്തിനാണ് കൂടുതൽ പ്രാധാന്യം എന്ന് സെന്റ് അഗസ്റ്റിൻ പറയുന്നു. ക്രിസ്തുവിന്റെ മാതാവായ മറിയം പ്രഥമ ക്രിസ്തുശിഷ്യയായിത്തീർന്നു. മറിയം യേശുവിന്റെ ഗുരുനാഥയായിരുന്നു. കാരണം അവന്റെ മൊഴികളെ അവളുടെ വാക്കുകളുടെ നിഴൽ പുതപ്പിച്ചിരിക്കുന്നതായി കാണാം. ഉത്ഥിതനായ മിശിഹാ ശിഷ്യന്മാർക്കു നല്കുന്ന നിർദ്ദേശം 'ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം പാലിക്കാൻ അവരെ പഠിപ്പിക്കുക' എന്നതാണ്. കാനായിലെ കല്യാണനാളിൽ 'അവൻ നിങ്ങളോടു പറയുന്നത് നിങ്ങൾ ചെയ്യുവിൻ' എന്ന മേരിയുടെ വാക്കുകളുടെ മാറ്റൊലിയാണ് പിന്നീട് നാം ക്രിസ്തുവിൽ കേട്ടത്. ഇവിടെ മറിയം ഗുരുസ്ഥാനത്താണ്.

മറിയം യേശുവിന്റെ ശിഷ്യയായിരുന്നു. "നിന്നെ പാലൂട്ടിയ സ്തനങ്ങളും വഹിച്ച ഉദരവും ഭാഗ്യം ചെയ്തവ" എന്ന് ശ്രോതാക്കളിലൊരാൾ വിളിച്ചുപറഞ്ഞപ്പോൾ, 'ദൈവവചനം കേട്ടനുസരിക്കുന്നവർ അതിനേക്കാൾ ഭാഗ്യം ചെയ്തവരാണെന്ന്' യേശു മറുപടി പറഞ്ഞു. 'ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിവൃത്തിയാകട്ടെ' എന്ന് ദൈവദൂതനോട്

മറുവാക്ക് ചൊല്ലിയപ്പോൾ, ശിലയിൽ പണിത ഭവനത്തിന് തുല്യമായ വിശ്വാസത്തോടുകൂടിയ ശിഷ്യയായി മറിയം മാറി.

'സ്വർലോകരാജ്ഞി, ആനന്ദിച്ചാലും, എന്തെന്നാൽ കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു!" ജീവിതത്തിന്റെ അന്തഃസംഘർഷങ്ങൾക്കൊടുവിലെ വിജയമായിരുന്നു ക്രിസ്തുവിന്റെ ഉത്ഥാനം. മറിയത്തിന്റെ ചുണ്ടിലെ നിശ്ശബ്ദമായ പുഞ്ചിരിയായിരുന്നു ഉത്ഥാനത്തിന്റെ അടയാളം. ആ ചെറുപുഞ്ചിരിയിലൂടെ അവൾ പറഞ്ഞു. അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു. അങ്ങനെ അവളുടെ ജീവിതം രണ്ട് മംഗളവാർത്തകൾക്കിടയിലെ മഴവില്ലായി തെളിഞ്ഞു നിന്നു. അവൻ നിന്നിൽ ഉരുവം കൊള്ളുമെന്ന മംഗളവാർത്തയും അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു വരുമെന്ന ഉത്ഥാനഗീതവും.

തന്റെ പരിശുദ്ധൻ അഴുകിപ്പോകാൻ അവിടുന്ന് അനുവദിക്കുകയില്ല എന്ന വേദപുസ്തകമൊഴിയുടെ സാക്ഷ്യമായിരുന്നു മറിയത്തിന്റെ ജീവിതം. ചില ഉടലുകൾ മണ്ണിൽ ലയിച്ചു ചേരാൻ ദൈവം സമ്മതിക്കില്ല. ദൈവത്തിനു പ്രിയങ്കരമായ ഉടലുകളെ ദൈവം വിണ്ണിലേക്ക് എടുക്കമത്രേ! മണ്ണിലഴുകുവാനുള്ളവരല്ല നാം, വിണ്ണിലേക്ക് ഉയരുവാനുള്ളവരാണ്. ഉത്പത്തി പുസ്തകത്തിൽ ഹെനോക്ക് എന്ന ഒരു പരിശുദ്ധന്റെ ജീവചരിത്രക്കുറിപ്പുണ്ട്. മൂന്നേ മൂന്നു വാക്യങ്ങൾ - ഹെനോക്ക് ദൈവത്തിനു പ്രിയങ്കരനായി ജീവിച്ചു. പിന്നെ അവനെ കണ്ടില്ല. ദൈവം അവനെ എടുത്തു (ഉത്പത്തി 5:24).

'മാതാവിന്റെ സ്വർഗാരോപണത്തെക്കുറിച്ചുള്ള അരിമത്യാകാരൻ ജോസഫിന്റെ വിവരണം സുറിയാനി, കോപ്റ്റിക്, അറബിക്, ലത്തീൻ തുടങ്ങിയ ഭാഷകളിലുണ്ട്. ഈ വിവരണപ്രകാരം മാതാവിന്റെ ആത്മാവ് എടുക്കപ്പെട്ടപ്പോൾ അപ്പസ്തോലന്മാർ അവളുടെ ശരീരം സീയോൻ മലയിൽ നിന്ന് ജോസഫാത്തിന്റെ താഴ്വരയിലേക്ക് സംവഹിച്ചു. അവിടെ ഒരു ശവകുടീരത്തിൽ വലിയ ആദരവോടും വിലാപത്തോടും പ്രാർത്ഥനാഗീതങ്ങളോടും കൂടി അടക്കി, എന്നാൽ മാലാഖമാർ അവളുടെ ശരീരം സ്വർഗ്ഗത്തിലേക്ക് സംവഹിച്ചു. അപ്പസ്തോലന്മാരെ സ്വർഗ്ഗത്തിന്റെ ഒരു പ്രകാശം വലയം ചെയ്തിരുന്നതിനാൽ അതു കണ്ടില്ല.

ഇന്ത്യയിൽ വചനപ്രഘോഷണത്തിലായിരുന്ന തോമാശ്ലീഹായ്ക്ക് ഇതിന്റെ ദർശനം ഉണ്ടായി. തോമാശ്ലീഹാ മറിയത്തോടു പ്രാർത്ഥിച്ചു. "നീ സ്വർഗ്ഗത്തിലേക്കു പോകുമ്പോൾ ഈ ദാസനോട് കരുണയുണ്ടാകണമേ." അപ്പോൾ മാതാവിന്റെ അരപ്പട്ട (സൂനാറ) താഴേക്കു നല്കപ്പെട്ടു. കർത്താവിന്റെ ഉത്ഥാനത്തിൽ സംശയാലുവായിരുന്ന തോമാശ്ലീഹാ മാതാവിന്റെ സ്വർഗ്ഗാരോപണത്തിന്റെ വിശ്വാസത്തിന്റെ അടയാളം കൈയാളി. അങ്ങനെ അവൻ അരപ്പട്ട കെട്ടിയ വിശ്വാസിയായി. ഏതു കൊടുങ്കാറ്റിനേയും അതിജീവിക്കുന്ന ശിലാധാരമായ വിശ്വാസത്തിന്റെ ജീവിക്കുന്ന സാക്ഷ്യം.


''നീ സ്വർഗ്ഗത്തിലേക്കു പോകുമ്പോൾ
ഈ ദാസനോട് കരുണയുണ്ടാകണമേ.''
അപ്പോൾ മാതാവിന്റെ അരപ്പട്ട
(സൂനാറ) താഴേക്കു നല്കപ്പെട്ടു.

'സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ' എന്നു പറഞ്ഞുകൊണ്ടാണ് വേദപുസ്തകഭാഗം അവസാനിക്കുക. പ്രകാശത്തെ വസ്ത്രമായി ധരിക്കുക. ആകാശമോക്ഷത്തിൽ ആളുകളൊക്കെയും ഇങ്ങനെയാകും കാണപ്പെടുക, അല്ലേ! ഓരോ കോശവും ദീപ്തമാകുന്ന ഒരു കാലം, സ്വർഗാരോപണം നൽകുന്ന സ്വപ്നം.

കടപ്പാട് : അസ്സീസി മാഗസ്സീൻ







# ക്രിസ്തുവിന്റെ ഗന്ധമുള്ള രാഷ്ട്രീയക്കാരൻ

ഫാ. എബിൻ ഓരത്തേൽ സി.എസ്.റ്റി

ഉമ്മൻ ചാണ്ടി എന്ന വ്യക്തി ഒരു രാഷ്ട്രീയ പ്രവർത്തകനും മുൻമുഖ്യമന്ത്രിയുമെന്നതിനേക്കാൾ ഒരു 'മനുഷ്യസ്നേഹി' എന്ന സത്യം മലയാളികൾ ഭൂരിഭാഗവും മനസ്സിലാക്കിയത് അദ്ദേഹത്തിന്റെ മരണശേഷമെന്നത് നമ്മുടെ സാമൂഹിക രാഷ്ട്രീയ സംവിധാനത്തിന്റെ പരാജയവും അവകൊട്ടിഘോഷിക്കാൻ ആഗ്രഹിക്കാത്ത അദ്ദേഹത്തിന്റെ വിശാലമനസ്സുമാണ്. ഉമ്മൻ ചാണ്ടി എന്തുകൊണ്ട് സന്യാസ ജീവിതം തിരഞ്ഞെടുത്തില്ല എന്നതാണ് ആ ജീവിതത്തെ നോക്കിക്കാണുമ്പോൾ എന്റെ മനസ്സിൽ ഉയരുന്ന ചോദ്യം. എന്നാൽ സന്യാസം ഒരു സംവിധാനത്തിലൂടെ തിരഞ്ഞെടുത്തില്ലെങ്കിലും ആ ജീവിതം സന്യാസ മൂല്യങ്ങൾകൊണ്ട് അലംകൃതമായിരുന്നുവെന്ന് മാത്രമല്ല ഇന്നിന്റെ സമർപ്പിതർക്ക് ഒരു വെല്ലുവിളികൂടിയാണെന്നത് നിസ്സംശയമാണ്. എന്നാൽ രാഷ്ട്രീയ പ്രവർത്തനം കൊണ്ട് ഒരു സന്യാസി എന്നതിലുമപ്പുറം അദ്ദേഹം ഓടിയെത്തിയെന്നത് ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്.

കഴിഞ്ഞ ഏതാനും ദിവസങ്ങളായി പത്രമാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ചിത്രീകരിക്കുന്ന ശ്രീ ഉമ്മൻ ചാണ്ടിയുടെ ജീവിതം ക്രിസ്തുവിന്റെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന തിരിച്ചറിവാണ് ഈ കുറിപ്പ് എഴുതാനുള്ള കാരണം. മൂന്ന് വർഷക്കാലം ഏതാനും ശിഷ്യരേയും കൂട്ടി തെരുവോരങ്ങളിലൂടെ അലഞ്ഞുനടന്ന ഒരാളായിരുന്നു ക്രിസ്തു (Nomadic Carpenter). ക്രിസ്തുവിലുണ്ടായിരുന്ന അലച്ചിൽ അദ്ദേഹത്തിന്റെ ജീവിതത്തിലും കാണാം. കുടുംബത്തിൽ നിന്നും തന്റെ ഇഷ്ടപ്പെട്ട ശീലങ്ങളിൽ നിന്നും മാറി ജനങ്ങളുടെ ആവശ്യത്തിനായി അദ്ദേഹം ഓടി നടന്നു. ഉറങ്ങാൻ പോലും സമയം കിട്ടിയിരുന്നില്ലെന്നത് അലച്ചിലിന്റെ ആഴം വ്യക്തമാക്കുന്നു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള പ്രാന്തപ്രദേശങ്ങളിൽ നിന്ന് മരണവാർത്ത അറിഞ്ഞ് അദ്ദേഹം ചെയ്ത നന്മകൾ സ്വീകരിച്ചവർ സാക്ഷ്യപ്പെടുത്താൻ ഓടിയണഞ്ഞെന്നത് ഓട്ടത്തിന്റെ വേഗത വ്യക്തമാക്കുന്നു.

ക്രിസ്തു ഭൂമിയിൽ ചെയ്ത അത്ഭുതങ്ങൾ 'ഷോ' കാണിക്കാനായിരുന്നില്ല. മറിച്ച് ഇടയനില്ലാത്ത ആടുകളുടെ മേൽ തോന്നിയ അനുകമ്പയിൽ നിന്ന് ഉരുത്തിരിഞ്ഞവയാണ്. ശ്രീ ഉമ്മൻ ചാണ്ടിയുടെ സേവനങ്ങൾ അത്ഭുതങ്ങളായി മാറാൻ കാരണവും അവ രൂപപ്പെട്ടത് പാവങ്ങളുടെ സങ്കടങ്ങളിൽ നിന്നാണ്. ജനസമ്പർക്ക പരിപാടിയിലൂടെ നിയമത്തിന്റെ കെട്ടുകൾ മൂലം അവകാശങ്ങൾ നഷ്ടപ്പെട്ടവരുടെ കണ്ണീരിന്റെ മുമ്പിൽ തനിക്ക് ജനങ്ങൾ നൽകിയ അധികാരം ഉപയോഗിച്ച് തടസ്സങ്ങളുടെ നാടകൾ പൊട്ടിച്ച് വേണ്ടത് നൽകി. തന്റെ മുമ്പിൽ നിൽക്കുന്ന വ്യക്തിയുടെ ജാതി, മതം, രാഷ്ട്രീയം നോക്കാതെ അവരുടെ കണ്ണീരിനും വേദനയ്ക്കും പ്രാധാന്യം നൽകിയപ്പോൾ അവയെല്ലാം അത്ഭുതങ്ങളായി മാറി.



തുടർച്ച പേജ്.....27



# LITURGICAL CALENDER

JULY, AUGUST, SEPTEMBER

**AUGUST 6: Fourth Sunday of Kaitha**
(Transfiguration of Our Lord)
First Reading: Exo 19:1-8 + 20: 18-21
Second Reading: Act 1:15-26
Third Reading: Heb 18:18-29
Fourth Reading: Mt 17:1-9

**AUGUST 13: Fifth Sunday of Kaitha**
First Reading: Lev 23: 33-44
Second Reading: Is 28:14-22
Third Reading: 2 Cor 12:14-21
Fourth Reading: LK 16: 19-31

**AUGUST 20: Sixth Sunday of Kaitha**
First Reading: Lev 19: 1-4, 9-14
Second Reading: Is 29: 19-24
Third Reading: 1 Thess 2:1-12
Fourth Reading: Lk 17:11-19

**AUGUST 27: Seventh Sunday of Kaitha**
First Reading: Lev 19:15-18
Second Reading: Is 33: 1-15
Third Reading: 1 Thess 2:14-20
Fourth Reading: Lk 18: 1-8

**September 3: First Sunday Of Elijah-Cross Moses**
First Reading: Deut 6: 20-25
Second Reading: Is 31: 4-9
Third Reading: 2 Thess 1:3-10
Fourth Reading: Lk 18: 35-43

**September 10: Second Sunday Of Elijah-Cross Moses**
First Reading: Deut 7: 7-11
Second Reading: Is 30: 18-26
Third Reading: 2 Thess 2:14-3:3
Fourth Reading: Mt 13: 1-9, 18-23

**September 17: Third Sunday Of Elijah-Cross Moses**
First Reading: Deut 8:11-20
Second Reading: Is 33: 13-24
Third Reading: Phil 4:10-14
Fourth Reading: Mt 4:12-17

**September 24: Fourth Sunday Of Elijah-Cross Moses**
First Reading: Deut 9:1-6
Second Reading: Is 25: 1-8
Third Reading: Phil 3:1-11
Fourth Reading: Mk 17:14-21

**October 1: Fifth Sunday Of Elijah-Cross Moses**
First Reading: Deut 9:13-24
Second Reading: Is 26: 1-11
Third Reading: Phil 4:4-9
Fourth Reading: Mt 15: 21-28

**October 8: Sixth Sunday Of Elijah-Cross Moses**
First Reading: Deut 10:12-20
Second Reading: Is 33:2-10
Third Reading: I Cor 14:26-33a
Fourth Reading: Mt 18:1-9


**October 15: Seventh Sunday Of Elijah-Cross Moses**
First Reading: Deut 11:1-9
Second Reading: Is 40:12-17
Third Reading: 2 Cor 2:12-17
Fourth Reading: Mt 20: 1-16

**October 22: Eigth Sunday Of Elijah-Cross Moses**
(Second Sunday Of Moses)
First Reading: Deut 11:26-32
Second Reading: Is 41:1-7
Third Reading: Gal 5:16-26
Fourth Reading: Lk 8:41b-56

**October 29: Ninth Sunday Of Elijah-Cross Moses**
First Reading: Deut 13:12-18
Second Reading: Is 41: 8-16
Third Reading: Gal 6: 1-10
Fourth Reading: Mt 8:23-34

# MOTHER MARY
## EMBRACING VIRTUES AND STAYING STEADFAST IN FAITH





Tharun Chiramel

Mother Mary: Embracing Virtues and Staying Steadfast in Faith

Mother Mary, revered as the Blessed Virgin Mary, holds a position of immense significance in the Syro-Malabar Church. As one of the oldest Christian communities in India, the Syro-Malabar Church deeply values the virtues embodied by Mother Mary. From her unwavering faith and boundless love to her dedicated service to the Catholic Church, Mother Mary's life serves as an inspiration for believers worldwide. However, in a world where the fundamentals of the Catholic faith are often challenged, it becomes crucial to explore how we can stay close to the ideals of Mother Mary to remain steadfast in our faith while living with humility and compassion.

From the moment of the Annunciation, when she humbly accepted her role in God's divine plan, to her presence at the foot of the Cross, Mary remained a steadfast pillar of strength especially in the face of immense sorrow and suffering. Her love for Jesus was profound and unconditional. As his mother, she nurtured him, protected him, and supported him throughout his life and ministry. The depth of her love is seen as a testament to the power of a mother's devotion and selflessness. This love serves as a reminder to believers of the importance of nurturing relationships and fostering love within their families and communities.

Mother Mary's compassion is also a virtue worth emulating. Her presence at the Wedding at Cana, where she interceded on behalf of the couple and requested Jesus to perform his first miracle, showcases her deep concern for the well-being of others. Her compassion reminds us of the importance of extending kindness and empathy to those in need.

Mother Mary's dedication to the Catholic Church is also exemplary. Following the Resurrection of Jesus, she played an integral role in the early Christian community. Her presence and guidance provided solace and strength to the apostles and disciples. In the Syro-Malabar Church, her role as the mother of the Church is cherished, and she is seen as a loving intercessor between believers and God. Her dedication reminds us of the importance of community and service.

We can confidently look to Mother Mary as a guiding light, her humility that is evident in her willingness to submit to God's plan without hesitation. She embraced her role as the handmaid of the Lord with grace and humility. This humility teaches us to be open to God's will in our lives and to serve others selflessly.

It is essential to cultivate a personal relationship with her through prayer and devotion. Seeking her intercession and guidance can provide us with the spiritual nourishment needed to overcome doubts and challenges. Moreover, immersing ourselves in the teachings of the Catholic Church, engaging in community service, and participating in the sacraments can help strengthen our faith and keep us rooted in the ideals exemplified by Mother Mary.

The significance of Mother Mary in the Syro-Malabar Church is profound. Her virtues of faith, love, and dedication to the Catholic Church serve as an inspiration for believers worldwide. In the face of challenges to our faith, staying close to the ideals of Mother Mary through prayer, devotion, and engagement with the Catholic Church can help us remain steadfast and find strength in our spiritual journey.

By following her example, we can find strength in our faith and navigate the complexities of the modern world. Mary's unwavering faith, love, and dedication serve as a beacon of hope, guiding us through the challenges we may face.

# 10 VIRTUES OF MOTHER MARY WORTH IMITATING

**Profound Humility**

Mary saw herself as God saw her, nothing more and nothing less.

Pray the Litany of Humility, accept compliments gracefully and quietly, and don't be embarrassed to make mistakes in front of others.

**Lively Faith**

Mary joyfully surrendered herself to the Lord and put absolute faith in His word and in His promises. Choose to trust Him and practice receiving His gifts with open hands.

**Blind Obedience**

Mary was able to confidently give her fiat at the moment of the Annunciation, and also in every circumstance after that.

We are called to obey God, even when we don't fully understand why He asks for certain things.

**Continual Prayer**

Mary's entire life was a prayer, in which she constantly placed herself in the presence of the Lord at every moment of her life.

Bring Christ into every little thing, offering up all your thoughts, words, actions, joys and sorrows.

**Universal Mortification**

Mary mortified herself and her own will, by putting God's first and seeking to unite hers with His.

Make sacrifices and offer them up for the greater good of someone else.

**Divine Purity**

Mary lived her life with unity of purpose, seeking only to love and honor God with her whole heart, mind and soul.

Live a life of prayer and frequently receive the Sacraments. Seek to purify your intentions.

**Ardent Charity**

Every action that Mary performed for those around her was done out of love for her Lord.

Imitate the Blessed Mother and take on the disposition of love for those around you by bringing Jesus to them.

**Heroic Patience**

Mary patiently endured the trials and sufferings of her life, always trusting in God's plan.

Ask God for the grace to endure patiently the trials and sufferings of your own life.

**Angelic Sweetness**

Mary radiated and peace to everyone she encountered, demonstrating angelic sweetness.

We can live out this virtue by opening our hearts to grace, showing gratitude for God's blessings, and being kind, friendly, and alert to the needs of others.

**Divine Wisdom**

Mary was able to see the beauty of God's will in every moment, demonstrating divine wisdom.

We can live out this virtue by asking the Holy Spirit for wisdom to see all things with the eyes of Christ and not our own, and asking Our Lady, the Seat of Wisdom, to pray for us.

# NEW PARISH TRUSTEES



Shaju Lonappan



Biju Varghese



Manesh David K



Leo Starwyn

| DEPARTMENTS | | |
|---|---|---|
| Pastoral Council | Mr. Joju T. Ignatius | 9844822009 |
| | Mr. Joseph Skaria | 9880025937 |
| | Mr. Joy V.V | 9845783032 |
| Catechism | Mrs. Juby Shibu | 9980003048 |
| | Mrs. Divya Praveen | 9742838374 |
| Pithruvedhi | Mr. Mejo Johny | 9035009920 |

| | | |
|---|---|---|
| Mathruvedhi | Mrs. Rani Joseph | 9632143947 |
| Youth | Mr. Andrew | 8951817886 |
| Prayer Group | Mr. Antony Ouseph | 9740719582 |
| Fiat Mission | Mr. Joseph Skaria | 9880025937 |
| Young Couples | Mr. Sharath | 8123471993 |
| School | Mr. Vincent Ignatious | 9916132440 |

## ചാവരുൾ



**പരോപകാരശീലം**

14 അന്യർക്കു വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല.ശേഷം പേർ നിന്നെ ഭയപ്പെടണം എന്നതിനേക്കാൾ നിന്നെ സ്നേഹിക്കണം എന്ന് ആഗ്രഹിക്കുക. ഭിക്ഷക്കാർ വെറും കൈയ്യോടുകൂടി നിന്റെ വീട്ടിൽ നിന്നു പോകുവാൻ നീ സമ്മതിക്കേണ്ട. കഴിവുള്ളതിനനുസരിച്ച് അല്പമെങ്കിലും ദാനധർമ്മം കൊടുക്കാതെ ഇരിക്കേണ്ടാ.

മനുഷ്യർ പരസ്പരം ഉപകാരം ചെയ്യുന്നത് സ്രഷ്ടാവിനാൽ കല്പിക്കപ്പെട്ട ഒരു പ്രമാണമാകുന്നു എന്ന് ബോധിച്ച് ഒരു മനുഷ്യൻ ദിവസന്തോറും ഒരുത്തനെങ്കിലും ഉപകാരം ചെയ്തുകൊണ്ടു വന്നു. ഒരു ദിവസം അവൻ അത്താഴത്തിനിരുന്നപ്പോൾ അന്നു ഒരുത്തർക്കും ഉപകാരം ചെയ്തില്ലെന്ന് ഓർത്തു എഴുന്നേറ്റ് ആയത് കഴിച്ചതിൽപ്പിന്നെ മാത്രമേ അത്താഴം കഴിച്ചുള്ളു.

**Act of Charity**

14. Days on which you have not rendered any good to other will not be reckoned in the book of life. Be desirous of others' love and respect than they becoming fearful of you. Let no beggar leave your home empty handed; like wise don't hesitate, as much as you can, to give alms.

A man performed at least one charitable act on a daily basis as he was convined that God the Creater has decreed it obligatory to render others some good every day. One day, while at supper, recalling that he had not rendered any good to anyone else on that day, he first attended to the matter at hand before having his supper.

# NEW WARD COUNCILORS 2023-24

| | |
|---|---|
| **ST. CHAVARA WARD** | |
| Mr. Johnson Elevathingal | 9632902134 |
| Mr. Shaju Jose | 8762804302 |
| Mrs. Sheeja Benny | 9986732071 |
| **ST. MARY'S WARD** | |
| Mr. Litto Thomas | 8050075848 |
| Mr. Richard Pius | 9742575408 |
| Mrs. Lissa Sunny | 8296880481 |
| **ST. MOTHER TERESA WARD** | |
| Mr. James K.C | 8747972072 |
| Mr. Roshin Joju C | 8891669981 |
| Mrs. Lincy Chacko | 9633292005 |
| **ST. JOSEPH WARD** | |
| Mr. Manesh David | 9880921826 |
| Mr. Praveen Kurian | 9841372315 |
| Mrs. Mercy Biju | 7795237261 |
| **ST. JOHN PAUL II WARD** | |
| Mr. Abhilash Suman | 9741399595 |
| Mr. Jijo John | 9611123104 |
| Mrs. Jisha Sunil | 9481274928 |
| **ST. LITTLE FLOWER WARD** | |
| Mr. Binoy P.J | 9886760565 |
| Mr. Davis M.P | 8861886055 |
| Mrs. Sherine | 9980865073 |
| **ST. GIANNA WARD** | |
| Mr. Rijo Varghese | 9980845498 |
| Mr. Thomson M.T | 9620191534 |
| Mrs. Triggi Anoop | 9741611374 |
| **ST. SEBASTIAN WARD** | |
| Mr. Benny Thomas | 9448460249 |
| Mr. Renith Varghese | 9663055662 |
| Mrs. Jisha Jiji | 8095942475 |
| **ST. ALPHONSA WARD** | |
| Mr. Deepu Jose | 9980228124 |
| Mr. Shibu Paul | 7829299090 |
| Mrs. Anu Roxin | 9742413349 |
| **ST. PADRE PIO WARD** | |
| Mr. John Joseph | 7829304657 |
| Mr. Prashant Paul | 9945554428 |
| Mrs. Mary | 9945554425 |
| **ST. GEORGE WARD** | |
| Mr. Shijo George | 9886212941 |
| Mr. Baby Verghese | 9769468222 |
| Mrs. Honey Sabu | 8088918812 |
| **ST. FRANCIS ASSISI WARD** | |
| Mr. Shalbin Sebastian | 9902767582 |
| Mr. Peter Valanchery | 8105363504 |
| Ms. Sini Sibi | 9739085422 |
| **ST. THOMAS WARD** | |
| Mr. Jimmy Mathew | 7406406840 |
| Mr. Ajith Chacko | 9886775717 |
| Ms. Josna Jose | 9483002183 |
| **ST. ANTONY'S WARD** | |
| Mr. Jose Chandy | 9986078936 |
| Mr. Teny Joseph | 9886396002 |
| Mrs. Mercy Devasya | 9148187021 |
| **ST. EUPHRASIA WARD** | |
| Mr. Jacob John | 9743999420 |
| Mr. Charles Michael | 7259644002 |
| Mrs. Reena | 9845971233 |




# ചോദ്യങ്ങൾ (ജോഷ്വാ 13-24)

1. റൂബൻ ഗോത്രത്തിന്റെ പശ്ചിമ അതിർത്തി?
2. ജോസഫിന്റെ സന്തതികൾ?
3. കാനാൻ ദേശത്ത് ഇസ്രയേൽ ജനത്തിന് അവകാശമായി ലഭിച്ച സ്ഥലങ്ങൾ ആരാണ് അവർക്ക് ഭാഗിച്ച് കൊടുത്തത് ?
4. "എന്തെന്നാൽ എന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണമായും പിൻ ചെന്നിരിക്കുന്നു." ആര് ആരോട് പറഞ്ഞു?
5. കാലെബിന് ലഭിച്ച അവകാശം?
6. ഹെബ്രോണിന്റെ പഴയ പേര് ?
7. മനാസ്സെയുടെ ഓഹരി ഏത് അധ്യായത്തിൽ?
8. ബോഹന്റെ പിതാവ് ആര് ?
9. കുടുംബക്രമം അനുസരിച്ച് ജെറീക്കോ ഏത് ഗോത്രത്തിന് അവകാശപ്പെട്ടതാണ് ?
10. ആരാണ് നേർച്ച വസ്തുക്കളുടെ കാര്യത്തിൽ അവിശ്വസ്തത കാണിച്ചത് ?
11. എഫ്രായിം ദേശത്തുള്ള അഭയ നഗരത്തിന്റെ പേര് ?
12. കാനാൻ ദേശത്ത് ജോർദാനു സമീപം നദീതീരത്ത് നിർമ്മിക്കപ്പെട്ട ബലിപീഠത്തിനി റൂബൻ ഗാദ് ഗോത്രങ്ങൾ എന്ത് പേരാണ് നൽകിയത് ?
13. ഏസാവിന് ലഭിച്ച അവകാശം?
14. ജോഷ്വയെ സംസ്കരിച്ച സ്ഥലം?
15. ഇസ്രായേലിൽ നിന്ന് കൊണ്ടുവന്ന ജോസഫിന്റെ അസ്ഥികൾ ഇസ്രായേൽ ജനം എവിടെ സംസ്കരിച്ചു?

## നിബന്ധനകൾ

1. **2023 സെപ്തംബർ 15–ന് ശരിയുത്തരങ്ങൾ പാരീഷ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.**
2. **നിങ്ങളുടെ ഉത്തരങ്ങൾ ഒരു വാക്യത്തിൽ കവിയരുത്.**
   **(വചനത്തിന്റെ reference എഴുതണം)**

**Mail : udayajyothiactivities@gmail.com**

**Ph : 9741498519, 9035060050**



# TESTIMONY



Jency Xavier

My name is Jency Xavier. I belong to St. Anthony's parish and I work as a teacher. God's mercy and kindness is always with us and he answers our hearts desire whenever we call out to him. My life is a testimony to that.

I had a goitre in my throat and it was cancerous. I underwent two surgeries. In the first surgery itself my voice was completely gone and so I had to undergo the second surgery too , my doctors explained to me what may happen to me after the second surgery. My voice was gone and I was not able to talk. According to Isaiah 53:5 'He has healed me with His wounds'. Without any treatment I was miraculously healed and received my voice better than which I had.

My faith towards St Jude and St Antony was great. I kept hope in these saints that they will intercede for me to the Heavenly Father and I will be completely healed. These miraculous saints are always with us. Thanking God for all the blessings. All the time God is good. Amen.

# ST. JUDE PRAY FOR US



## CHITRA THOMAS



## PINCY MEJO

# Parish News

## New Presbytery



## മാതൃവേദി

മാതൃവേദി  അംഗങ്ങൾ ആകാശ പറവകളിലെ
അന്തേവാസികളെ സന്ദർശിച്ചു.



## പരിസ്ഥിതി ദിനാചരണം

ഈ വർഷത്തെ പരിസ്ഥിതി ദിനത്തിൽ ഒരു ചെടിയെങ്കിലും നടുന്നതിന്റെ ഫോട്ടോയെടുത്ത് രൂപതാ തലത്തിൽ അയക്കുവാൻ പറഞ്ഞതിൽ പ്രകാരം, കുറച്ച് അംഗങ്ങൾ ചെടികൾ നടുന്നതിന്റെ ഫോട്ടോസ് അയക്കുവാൻ സാധിച്ചു. ജൂൺ അഞ്ചാം തീയതി ദിവ്യബലിക്ക് ശേഷം മദർ സുപീരിയർ സി. ടോംസി എം.എസ്. എം. ഐ യും പ്രസിഡണ്ടും മറ്റ് അംഗങ്ങൾ തുടങ്ങി ഏവരും ചേർന്ന് പള്ളിമുറ്റത്ത് ചെടികൾ നടുകയുണ്ടായി.



## പെന്തക്കുസ്താ തിരുനാൾ



പെന്തക്കുസ്താ ദിനത്തിന് ഒരുക്കമായി 10 ദിവസം (18-5-2023 മുതൽ 28-5-2023വരെ) വിശുദ്ധ കുർബാനയും ശേഷം ആരാധനയും നടത്തുകയുണ്ടായി. റവ.ഫാ. റെജി കൂടപ്പാട്ട് സി എം ഐ യുടെ കാർമികത്വത്തിൽ ആരാധനയും പ്രത്യേക റൂഹാദ്ക്ഷണ പ്രാർത്ഥനയും കൈവെപ്പ് ശുശ്രൂഷയും നടത്തി പെന്തക്കുസ്താ തിരുന്നാൾ ആഘോഷിച്ചു.

## Inauguration of Year of care

28-5-2023 പെന്തക്കോസ്ത് ദിവസം ധർമാരാം കോളേജ് റെക്ടർ ഫാ. വർഗീസ് വിധേയത്തിൽ സിഎം ഐ ആയിരുന്നു ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയിരുന്നത്. അന്നേദിവസം ഒമ്പത് മണിയുടെ കുർബാനയ്ക്ക് മുൻപായി, Year of Care അദ്ദേഹം inaugurate ചെയ്തു.




## 11-6-2023 നടന്ന പൊതുയോഗം





## ഫിയാത്ത് മിഷൻ



ഫിയാത്ത് മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന ഉച്ചയ്ക്ക് മൂന്നുമണിക്ക് ഉള്ള മധ്യസ്ഥ പ്രാർത്ഥനയ്ക്ക് മാതൃവേദി zoom ലൂടെ നേതൃത്വം നൽകിവരുന്നു.

ഫിയാത്ത് മിഷന്റെ ഭാഗമായി ഒറീസ്സയിലെ മിഷൻ പ്രദേശത്തേക്ക് നമ്മുടെ ഇടവകയിൽ നിന്നും വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സഹകരണത്തോടെ 600kg തുണികൾ കയറ്റി അയയ്ക്കുവാൻ ദൈവകൃപയാൽ സഹായിച്ചു.

## തിരുഹൃദയ തിരുനാൾ

ജൂലൈ 16 വൈകിട്ട് 6 30ന്  കൊച്ചച്ചൻ ഫാ.സനീഷ് പാത്തിക്കൽ സിഎംഐ ദിവ്യബലി അർപ്പിക്കുകയും, തിരുഹൃദയ പ്രതിഷ്ഠയും വെഞ്ചിരിപ്പും ആശിർവാദവും വികാരി ഫാദർ ജോമി മേക്കുന്നേൽ നിർവഹിക്കുകയും ചെയ്തു.

## യാത്രയയപ്പ്



13 വർഷക്കാലം തന്റെ പ്രായത്തെ വകവയ്ക്കാതെ, തണുപ്പോ ചൂടോ നോക്കാതെ നിസ്വാർത്ഥമായി പ്രാർത്ഥന നിർഭരമായി ദേവാലയ ശുശ്രൂഷകനായി സ്തുത്യർഹ സേവനമനുഷ്ഠിച്ച പ്രിയപ്പെട്ട കപ്പിയാർ തോമസ് ചേട്ടനെ പിതാവ്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, പൊന്നാട അണിയിച്ച് ആദരിച്ചു.

## മണിപ്പൂരിന് വേണ്ടിയുള്ള പ്രാർത്ഥന

